MR. PAUL THALIATH : വെജിറേറിയൻ കിച്ചൻ എന്ന് പ്രത്യേകം നാമകരണം ചെയ്യാൻ വല്ല കാരണവും ഉണ്ടോ?

HON'BLE MR. K. R. ELANKATH : പ്രത്യേക കാരണങ്ങളൊന്നുമില്ല.

കഴവൂർതോട്ടിലെ മരപ്പാലം

*581. MR. S. KUTTAN (*Neyyattinkara I—General*) : താഴെ പറയുന്നചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

വിഴിഞ്ഞം-പൂവാർ റോഡിൽ നാലാംമൈൽക്കുറ്റിക്കു സമീപംസ്ഥിതിചെയ്യുന്ന കഴവൂർതോട്ടിലെ മരപ്പാലം അറ്റകുറ്റപ്പെട്ടു കിടക്കുന്നതു മാറ്റി ഒരു നല്ല കല്വംകം പാലവും തീർത്തുകിട്ടണമെന്ന നാട്ടുകാർ അഭ്യർത്ഥിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH. അവിടെ ഒരു മരപ്പാലം ഉപയോഗശൂന്യമായി കിടന്നിരുന്ന കാര്യം അറിയാം. ആ പാലം ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. ആ പാലത്തിനെ മാറ്റിയിട്ട് ഒരു നല്ല പാലംപണിയുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയാറാക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

MR. S. KUTTAN : ഈപാലത്തിലുള്ള മിക്ക പലകകളും ഒടിഞ്ഞുപോയിരിക്കുന്ന എന്നുള്ള വസ്തുത ബഹുമാനപ്പെട്ടമന്ത്രി മനസ്സിലാക്കിയിട്ടില്ലേ?

HON'BLE MR. K. R. ELANKATH : ഒടിഞ്ഞുപോയിരിക്കുന്ന എന്നുള്ള വസ്തുത അറിയാം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അതു നന്നാക്കുന്നതിനു വേണ്ട ഏർപ്പാട് ചെയ്യുന്നു എന്ന്.

ഓവർ ലോഡ്.

*582. MR. S. KUTTAN : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

ട്രാൻസ്പോർട്ട ബസ്സുകളിൽ ക്ലിപ്പപ്പെട്ടിയിട്ടുള്ള കപ്പാസിറ്റിയിൽ കവിഞ്ഞു യാത്രക്കാരെ കുത്തിലധികം കയറ്റി ഓവർലോഡു ചെയ്യുന്നതിന് കാരണം എന്തു?

HON'BLE MR. K. R. ELANKATH : ബസ്സുകളുടെ എണ്ണം കുറവായതുകൊണ്ടാണ് ഓവർലോഡിന് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ ഓവർലോഡിംഗ് കുറെ കുറച്ചിട്ടുണ്ട്.

MR. KANNARA GOPALA PANICKER : ഇപ്പോൾ എത്ര ആളുകളെ കയറ്റാമെന്നാണ് വച്ചിരിക്കുന്നത്?

HON'BLE MR. K. R. ELANKATH : ൫൰ ശതമാനം ഓവർലോഡിംഗ് ആണ് അനുവദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL AZIZ (*Trivandrum I—Muslim*) : ൫൩ ശതമാനം ഓവർലോഡിംഗ് എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ്?

HON'BLE MR. K. R. ELANKATH : യാത്രക്കാർക്ക് ഇരിക്കാനുള്ള സീറ്റുകളുടെ ൫൩ ശതമാനം കൂടുതൽ എന്നാണ് അർത്ഥം.

MR. S. KUTTAN : ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ച കണക്കനുസരിച്ചാണോ യാത്രക്കാരെ കയറ്റുന്നതെന്നു പറയാമോ?

HON'BLE MR. K. R. ELANKATH : അതെ. അങ്ങിനെതന്നെയാണ്.

MR. S. KUTTAN : തിരുവനന്തപുരം—നെയ്യാറിൻകര ഷട്ടിൽ സർവീസിൽ രണ്ടിരട്ടിയും മൂന്നിരട്ടിയും ആളെ കയറ്റുന്നതായറിയാമോ?

HON'BLE MR. K. R. ELANKATH : മുമ്പ് അങ്ങിനെയുണ്ടായിരുന്നിരിക്കാം. ഇപ്പോൾ അങ്ങിനെയില്ല.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) : ഇങ്ങിനെ ഓവർലോഡിംഗ് അനുവദിക്കുന്നതുകൊണ്ടു യാത്രക്കാക്കു പല കഷ്ടതകളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതായി അറിയാമോ ?

HON'BLE MR. K. R. ELANKATH : അതിനു പരിഹാരം ഉണ്ടാക്കാനാണ് കൂടുതൽ ബസ്സുകളെ ഇടാൻ നിർദ്ദേശം നൽകിയിട്ടുള്ളത്.

MR. R. K. RAM (*Agastheeswaram —General*) பஸ்ஸில் ஏறி overload உண்டா இல்லையா என்று பார்த்ததுண்டா ?

HON'BLE MR. K. R. ELANKATH : പാർത്തിട്ടുണ്ട്.

MR. A. CHIDAMBARA NATHA NADAR (*Kalkulam II—Hindu Nadar*) : எந்த ரூளில்.

HON'BLE MR. K. R. ELANKATH : ചൈനിലും പാർത്തിട്ടുണ്ട്.

MR. A. CHIDAMBAR NATHA NADAR : கூடுதல் பஸ்கள் வாங்க ஏதாவது ஏற்பாடுகள் செய்யப்பட்டிருக்கிறதா ?

HON'BLE MR. K. R. ELANKATH : ബസ്സുകൾ വാങ്ങിച്ചിട്ടുണ്ട്. ഇപ്പോഴും ഏർപ്പാടു ചെയ്തിട്ടുണ്ട്.

Concessions to Backward Communities.

*583. MR. P. M. VARGHESE (*Thodupuzha II—General*): Will the Hon'ble Minister for Backward Communities be pleased to state:

(*a*) whether by the term 'backward' used with reference to a community the Government mean anything other than wordly status; and

(*b*) whether this Government recognise any community based on religion as backward or forward and confer on or deny to them special privileges of any kind?

LIBRARY ARCHIVES Kerala Legislative Assembly